(ജ) ഫ ഫ ഠ ന-ൽ ഒരു ഹോസ്റ്റൽ പണിയുന്നതിന് ഠ ൪,൦൦൦ ക. അനുവദിച്ചിട്ടുണ്ട്. മാസത്തിൽ ന ഞ്ച ക. വാടകകൊടുത്തു് ഫ വ്യ കെട്ടിടങ്ങളിലായി കുട്ടികളെ താമസിപ്പിച്ചിട്ടുണ്ട്.

PERMITS FOR IRON—NON-DELIVERY OF

193. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ വൈ. ഡബ്ലിയു. സ.. എ-ക്കു് അടുത്തു് ഇരിമ്പിനുള്ള പെർമിറ്റു് കൊടുക്കുകയുണ്ടായോ;

(ബി) ആപ്പീസ്സിൽനിന്നും ഇഷ്യൂചെയ്യുന്ന പെർമിറ്റുകൾ കക്ഷികൾക്കു കിട്ടുന്നില്ലെന്നുള്ള പരാതി ബഹുമാനപ്പെട്ട മന്ത്രിയുടെ പക്കൽ നിവേദനം മൂലം അറിയിക്കുകയുണ്ടായോ;

(സി) അതിനു് എന്തു സാമാധാനമാണു ബഹുമാനപ്പെട്ട മന്ത്രി മറുപടിയായി നല്കിയതു്;

(ഡി) ഇത്തരം ഇഷ്യൂ ചെയ്യുന്ന പെർമിറ്റുകൾ കൃത്രിമമായി വ്യാപരിക്കുന്ന കുറെ വാളികളെ കണ്ടുപിടിച്ചു ശിക്ഷിക്കുന്ന വല്ല നടപടിയും ഗവണ്മെണ്ടു നടത്തിയിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉവ്വു്.

(ബി) ഇല്ല.

(സി) (ഡി) ബി.യുടെ ഉത്തരംകൊണ്ടു് ഇതിനു് ഉത്തരം ആവശ്യമില്ല.

RICE DETECTION OF

194. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ അസിസ്റ്റാണ്ടു് സപ്ലൈ ആപ്പീസ്സർ ഫ ഫ ഠ ഖ കുന്നി ഠ-ാംന-ക്കുഞ്ഞേരിയിലുള്ള ഒരു റേഷൻ പീടികയിൽനിന്നു് അരി കണ്ടെടുക്കയുണ്ടായോ;

(ബി) ഉണ്ടെന്നുവരികിൽ എത്ര പറ അരിയാണു്;

(സി) ആരുടെ റേഷൻ ഷാപ്പിൽനിന്നാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഫ ഫ ഠ ന കുന്നി ഫ-ാംന- കണ്ടെടുക്കുകയുണ്ടായി.

(ബി) ന്യ ൦ പറ അരി.

(സി) ക്ലുക്കുഞ്ചേരിയിൽ കെ. പി. ജോസഫിന്റെ പീടികയിൽനിന്നു്.

RATION SHOP HOLDERS—NON-PURCHASE OF CERTAIN ARTICLES—PARTICULARS OF

195. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനിപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ചിലറേഷൻ പീടികകളിൽ കൂടുതൽ ആദായം കിട്ടാത്ത ചില സാമാനങ്ങൾ (പരിപ്പു്, ഉഴുന്നു് തുടങ്ങിയ സാമാനങ്ങൾ) വില്പനക്കു വാങ്ങുന്നതേയില്ലെന്നുള്ള റേഷൻ കാർഡുകാരുടെ പരാതി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെയുടനു് ഗവണ്മെണ്ടു് എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉണ്ടു്.

(ബി) അങ്ങിനെയുള്ള റേഷൻഷാപ്പുകാരുടെ പേരിൽ വേണ്ട നടപടി എടുക്കുകയും ടി സാധനങ്ങൾ ഉടനെ സ്റ്റോക്കു ചെയ്യിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

ARTICLE IN "NAVALOKAM"—PARTICULARS OF

196. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫ ഫ ഠ ഖ കൊടം ഠ ന-ാംന-യിലെ "നവലോകം" കടലാസ്സിലെ "Commerce Member ignored—Trichur Merchants' Association protests" എന്ന പ്രസിദ്ധീകരണം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതിലെ ഓരോ പ്രമേയങ്ങളുടെയും അത്യാവശ്യകതയെ ഗവണ്മെണ്ടു മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു് എന്തെല്ലാം നടപടിയാണു് എടുത്തിട്ടുള്ളതു്;

(ഡി) അസോസിയേഷൻ പാസ്സാക്കിയിരിക്കുന്ന അഞ്ചു പ്രമേയങ്ങളിൽ എന്തെങ്കിലും ഗവണ്മെണ്ടു സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കച്ചവടക്കാരേയും മറ്റും സെൻട്രൽ ഫണ്ട് അഡൈവസറി കമ്മിറ്റിയിൽ ചേർക്കേണ്ടുന്ന അത്യാവശ്യകത ഇനിയും ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ വന്നിട്ടുണ്ടോ;

(എഫ്) ഉണ്ടെന്നു വരികിൽ എന്തുകൊണ്ടാണ് അക്കാര്യത്തിൽ മൌനം അവലംബിച്ചിരിക്കുന്നത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉവ്വ്.

(ബി), (സി) പ്രമേയങ്ങളെ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ ഗവണ്മെണ്ട് പരിഗണിച്ചിട്ടുണ്ട്.

(ഡി) അസോസിയേഷൻ പാസ്സാക്കിയ പ്രമേയങ്ങളും ഗവണ്മെണ്ട് സ്വീകരിച്ചിട്ടില്ലെങ്കിലും അവയുടെ ചില നിർദ്ദേശങ്ങളും ഗവണ്മെണ്ടിന്റെ അടിയന്തിര ആലോചനക്കു വിഷയമായിട്ടുണ്ട്.

(ഇ) ഈ സംഗതിയെപ്പറ്റി ഗവണ്മെണ്ട് നല്ലപോലെ ആലോചിച്ചിട്ടുണ്ട് സെൻട്രൽ ഫണ്ട് അഡൈവസറി കൌൺസിലിൽ കച്ചവടക്കാരെ ചേർക്കുന്നതു് ആശാസ്യമല്ലെന്നു ഗവണ്മെണ്ട് കരുതുന്നു. അതുകൊണ്ട് ഫണ്ട് അഡൈവസറി കൌൺസിലിൽ കച്ചവടക്കാരെ ഉൾപ്പെടുത്തേണ്ടതില്ലെന്നാണ് ഗവണ്മെണ്ട് തീരുമാനിച്ചിട്ടുള്ളതു്.

(എഫ്) "ഇ" യുടെ ഉത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

INCREASE OF PRICE FOR PULSES—REASON FOR

197. മിസ്റ്റർ എം. ഒ. തോമാക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയാമോ.—

ഉഴുന്ന്, ചെറുപയറു മുതലായ നവധാന്യങ്ങൾക്കു് ഈയ്യിടെ വില വർദ്ധിപ്പിക്കുവാനുള്ള കാരണമെന്താണ്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇവ വാങ്ങുന്ന ദിക്കുകളിൽ വില കൂടുതൽ ആയ കാരണമാണ് ഇവിടത്തെ വില്പനവില കൂട്ടേണ്ടിവന്നതു്.

2. POINT OF ORDER

Mr. M. K. Raja (*Mulakunnathukavu*): I rise on a point of order, Sir. It has been usual in this House to place a copy of the agenda for the day before the sitting commences, but today regarding this no-confidence motion, we have not been supplied with copies of the agenda. I would like to know why the practice has been discontinued and why we have not been supplied with copies of the agenda.

Mr. President: What is the Hon'ble Member's point?

Mr. M. K. Raja (*Mulakunnathukavu*): We are handicapped by not having a copy of the no-confidence motion before us. It has been the practice all along to supply us with a copy of the agenda for our use. Why it has been discontinued on this particular occasion, I would like to know.

Mr. P. Kumaran Ezhuthassan (*Vadakkancheri*): If it is an omission in the Secretariat, it is pardonable, but if it is otherwise, it is questionable, objectionable and I very seriously protest if it is done as a result of a practice to be followed hereafter started today, especially in view of the fact that it is a very vital motion which must be made public. And I would even suggest that the machinery.....

Mr. President: I understand the Hon'ble Member's position. If it is an omission on the part of the office, whether it has been the practice in the case of no-confidence motions, which we had long ago, if it is a matter of omission by the office, it will be looked into, but I do not think the proceedings would be handicapped by that because when the no-confidence motion given leave day before yesterday, the matter was mentioned here, the motion was read here by the Chair the day was fixed, and the motion is a small sentence, the motion has been published in the papers and therefore it has to be expected—of course, I will look into the omission, no doubt—therefore, I do not think it has to be considered as a matter that would seriously handicap the business of the House. Therefore, we proceed to the business of the House. Mr. P. Govinda Menon will move the no-confidence motion that 'this House has no-confidence in the present Ministry!' That is the motion before the House.

3. NO-CONFIDENCE MOTION AGAINST THE MINISTRY

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഇന്നത്തെ മന്ത്രിസഭയിൽ ഈ സഭക്കു് വിശ്വാസമില്ലെന്നുള്ള ഈ പ്രമേയം ഇന്നു അവതരിപ്പിക്കേണ്ടിവന്നതിൽ എനിക്കു വളരെ ഖേദമുണ്ട്. ഒന്നരമാസംമുമ്പു ഈ മന്ത്രിസഭ എന്റെ സുഹൃത്തു ശ്രീമാൻ ടി. കെ. നായർ അവർകളെ സംഘടിപ്പിച്ചപ്പോൾ ഈ നിയമസഭയുടെ കാലാവധി കഴിയുന്നതുവരെ അദ്ദേ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly